ഒരു നല്ല ചലച്ചിത്രം കണ്ടാസ്വദിക്കുമ്പോൾ അതിന്റെ സാങ്കേതികത അറിയാവുന്നവർ അറിഞ്ഞുകൊണ്ടും, അല്ലാത്തവർ അറിയാതെയും ആസ്വദിക്കുന്ന ഒന്നാണ് അതിന്റെ ചിത്രസംയോജനം. പലപല നേരങ്ങളിൽ പല പല ഇടങ്ങളിൽ ചിത്രീകരിച്ച ദൃശ്യങ്ങൾ ഭംഗിയായി കൂട്ടിച്ചേർത്ത് കാഴ്ചക്കാരന്റെ മനസ്സിൽ മായാതെ നിൽക്കുന്ന ദൃശ്യാനുഭവം ആക്കുന്നതിന് പിന്നിൽ അദൃശ്യമായി പ്രവർത്തിക്കുന്ന കരങ്ങളും അങ്ങേയറ്റം ക്ഷമയോടെ പ്രവർത്തിക്കുന്ന മനസ്സും ഒരു ചിത്രസംയോജകന്റേതാണ്.

പത്മരാജൻ ഫെസ്റ്റിവലായ ഗന്ധർവോത്സവത്തിന്റെ തിരക്കുകളിൽ ശ്രീ രാമചന്ദ്രൻ അയച്ചുതന്ന ഓഡിയോക്ലിപ്പ് ദൃശ്യരൂപത്തിൽ ആക്കുന്നതെപ്പറ്റി ചിന്തിച്ചപ്പോൾ മനസ്സിൽ കടന്ന് പോയത് ഗ്രൂപ്പിൽ കണ്ട ചില ദൃശ്യങ്ങൾ. നമ്പർ തപ്പിയെടുത്ത് ആളെ വിളിച്ചപ്പോൾ നിറഞ്ഞ സന്തോഷം. ഏറ്റ ജോലി ഭംഗിയായി ചെയ്തു തന്ന ആ എഡിറ്റിംഗ് ഭീകരനെ ഇപ്പോൾ തന്നെ എല്ലാവർക്കും മനസ്സിലായി എന്നറിയാം. ആ ആളെ കൂടുതൽ പരിചയപ്പെടാം ഈ ദളത്തിലൂടെ.

ശ്രീരാജ് ശാർക്കര,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
നെഹ്റു നഗർ, ബേലൂർ,
കർണാടക.

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴുള്ള ശാർക്കരയിൽ രാജേന്ദ്രനാഥന്റെയും ഗീതയുടെയും മകനായി ജനിച്ച ശ്രീരാജ് ഏഴാം ക്ലാസ്സ് വരെ പഠിച്ചത് ശാർക്കര ഗവണ്മെന്റ് യു പി സ്കൂളിൽ ആണ്. ചിറയിൻകീഴ് എസ് സി വി ബോയ്സ് ഹൈസ്കൂളിലും നെടുങ്കണ്ട എസ് എൻ വി ഹയർ സെക്കന്ററി സ്കൂളിലും ആയി പ്ലസ് ടു വരെ പഠനം.

സ്കൂൾ പഠനകാലത്ത് പാഠ്യേതര വിഷയങ്ങളിൽ താല്പര്യം ഉണ്ടായിട്ടും വീട്ടിലെ സ്ഥിതിയോർത്ത് പല ആഗ്രഹങ്ങളും ഉള്ളിലൊതുക്കിയെങ്കിലും കുടുംബത്തിൽ പലരും കാൽപന്ത് കളിയിൽ തിളങ്ങിയവരായത് കൊണ്ട് അതിനോടുള്ള കമ്പവും ശാർക്കര മൈതാനത്തിലെ സ്ഥിരം കളികളും ശ്രീരാജിനെ ഫുട്ബോളിലേക്ക് വലിച്ചടുപ്പിച്ചു.

സ്കൂൾ കാലഘട്ടം പഠനത്തിൽ അത്യാവശ്യം ഉഴപ്പനായി നടന്നെങ്കിലും ഹിന്ദി മാഷായ ഒരു മാമന്റെ സ്വാധീനം ഹിന്ദിയിൽ ശ്രീരാജിന് എന്നും നല്ല മാർക്ക് വാങ്ങിക്കൊടുത്തു.

പത്താംതരം പരീക്ഷക്ക് മുൻപുള്ള അവധിക്കാലം.. കളിഭ്രാന്ത് മൂത്തപ്പോൾ മാതാപിതാക്കൾ ഒരു ഓഫർ മുന്നോട്ട് വച്ചു. "ഇപ്പോൾ നന്നായി പഠിച്ചാൽ പിന്നീടൊരിക്കലും പഠിക്കാൻ പറയില്ലെന്ന ഓഫർ". അമ്മയുടെ സഹായത്തോടെ ഓഫർ കയ്യെത്തി പിടിക്കാൻ നടത്തിയ ശ്രമം കണ്ടത് 600ൽ 504 മാർക്കോടെയുള്ള വിജയം. മൈതാനത്ത് കളിച്ചു നടന്ന പയ്യനോട്
"മോനേ.. ജയിച്ചോ? ക്ലാസ്സ് ഉണ്ടോ?" എന്നൊക്കെ ആളുകൾ അന്വേഷിച്ചപ്പോൾ ഡിസ്റ്റിങ്ക്ഷൻ ഉണ്ടെന്ന മറുപടി കേട്ട് ബോധം പോയവർ നിരവധിയെന്ന് ശ്രീരാജിന്റെ കുസൃതികഥ.
മനസ്സിൽ ഒന്നല്ല, അഞ്ചാറ് ലഡ്ഡു പൊട്ടിച്ചുകൊണ്ട് സ്കൂളിൽ നിന്നും ഒരു ബെസ്റ്റ് സ്റ്റുഡന്റ് അവാർഡും. പോരേ..?

പ്ലസ് വൺ പഠനകാലത്ത് ശ്രീരാജ് സ്കൂളിലെ ഫുട്ബോൾ ടീമിൽ അംഗമായി. അന്നത്തെ ഒരു മത്സരത്തിൽ സെമിഫൈനലിൽ ഒരു ഗോൾ അടിച്ച് ശ്രീരാജ് ഒരു താരമായി എന്ന് മാത്രമല്ല ആ കളിയിൽ ടീമിനെ കപ്പ് നേടാൻ സഹായിക്കുകയും ചെയ്തു. കുട്ടിക്കാലം മുതൽ അംഗമായിരുന്ന "ബ്രദേർസ് ചിറയിൻകീഴ്" ടീമിൽ ശ്രീരാജ് അങ്ങനെ ഒരു താരമായി. ആ ടീമിനൊപ്പം തിരുവനന്തപുരത്തും കൊല്ലത്തും ഒക്കെ ഒരുപാട് ടൂർണമെന്റുകളിൽ പങ്കെടുത്തു. എന്തിന്, സന്തോഷ് ട്രോഫി കളിച്ചവർക്കെതിരെ കളിക്കാൻ പോലും അതിലൂടെ അവസരം കിട്ടി. പ്ലസ് ടു പഠനം അങ്ങനെ ഫുട്ബാളിനോപ്പം ഭംഗിയായി അവസാനിച്ചു.

ഇതിനിടെ ഇത്തിരി കമ്പ്യൂട്ടർ ഭ്രമം തലയ്ക്കുപിടിച്ച പയ്യൻ നേരെ വിട്ടത് വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലേക്ക്. കമ്പ്യൂട്ടർ എഞ്ചിനീയറിങ്ങിൽ ഡിപ്ലോമ നേടാൻ. കൂടെ സ്വയം ഇത്തിരി C++ പഠനം, ചെറിയ ചെറിയ ഗ്രാഫിക്സ്, ഗെയിമുകൾ ഒക്കെ ഉണ്ടാക്കൽ അങ്ങനെ ചില ഇഷ്ടങ്ങളുമായി ആ കാലം നീങ്ങി. അതിനിടയിലും ഫുട്ബോൾ ജീവിതത്തിൽ കിടന്ന് പറന്ന് കളിച്ചു.

2005ൽ ഡിപ്ലോമ കഴിഞ്ഞ ശ്രീരാജ് 2006ൽ ഇൻഫർമേഷൻ കേരള മിഷനിൽ ജോലിക്ക് ചേർന്നു. കൊല്ലം കോർപ്പറേഷനിലായിരുന്നു നിയമനം. ജോലിസ്ഥലത്തേക്കാൾ ശ്രീരാജിന്റെ മനസ്സ് കീഴടക്കിയത് അതിനടുത്തുള്ള സ്റ്റേഡിയം ആയിരുന്നു. രാവിലെ 5 മണിക്ക് വീട്ടിൽ നിന്ന് പുറപ്പെട്ടാൽ 6.30 ന് സ്റ്റേഡിയത്തിൽ എത്താം. ജോലിക്ക് കയറാനുള്ള സമയം വരെ കളി കുശാൽ. കാൽപന്ത് കളിയിലെ പല പ്രഗത്ഭരെയും കണ്ട് മുട്ടാൻ കാലം കാത്ത് വച്ച നിമിഷങ്ങൾ..

2008ൽ എച്ച് സി എൽ ഇൻഫോ സിസ്റ്റത്തിലേക്ക്. സർവീസുമായി ബന്ധപ്പെട്ട് നിരവധി ഓഫീസുകൾ കയറിയിറങ്ങി. ഒരിക്കൽ ഒരു

ബാങ്കിൽ കയറുമ്പോൾ ഒരു തമിഴ് നാട്ടുകാരൻ ഓഫീസർ ശ്രീരാജിന്റെ കൈപ്പട കണ്ടപ്പോൾ പറഞ്ഞു.. "തമ്പീ, ഉന്നോടെ കൈയെഴുത്ത് റൊമ്പ അഴകാർക്ക്. നീ ഇന്ത വേല സെയ്യ വേണ്ട ആളല്ല, എതോ ആഫീസിൽ ക്ലാർക്ക് വേല താൻ ഉനക്ക് റൊമ്പ ഫിറ്റ്, അതുക്ക് ട്രൈ പണ്ണുങ്കേ.."

2010 ൽ നാട്ടിൽ തന്നെ ഓവർസീസ് എയർ ട്രാവൽസിൽ ജോലിക്ക് ചേർന്നു ശ്രീരാജ്. ഇതിനിടെ നല്ല നാടൻ ഊണ് മിതമായ വിലക്ക് നൽകണം എന്ന ഉദ്ദേശത്തോടെ മാതാപിതാക്കൾക്കൊപ്പം ചേർന്ന് നാട്ടിൽ ഒരു ഹോട്ടൽ തുടങ്ങി. അതിന്റെ നടത്തിപ്പിൽ സഹായിക്കുക എന്ന ഉദ്ദേശം കൂടി എയർട്രാവൽസിൽ ജോലിക്ക് ചേരുമ്പോൾ ഉണ്ടായിരുന്നു.

അക്കാലത്താണ് അമ്മയുടെ നിർബന്ധത്തിന് വഴങ്ങി ബാങ്ക് കോച്ചിങ്ങിന് ചേരുന്നത്. അങ്ങനെ കർണാടക സംസ്ഥാനത്തെ ടെസ്റ്റ് വഴി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ജോലിക്ക് കയറി, 2012ൽ. പഴയ തമിഴന്റെ വാക്ക് പൊന്നായി. 2012 മുതൽ 2018 വരെ നർഗുന്ദ് ശാഖയിലും തുടർന്ന് ഇപ്പോൾ ജോലി ചെയ്യുന്നിടത്തും.

കർണാടകയിലും തന്റെ പ്രിയവിനോദമായ ഫുട്ബോൾ തുടരുന്നതൊപ്പം മറ്റ് നിരവധി മേഖലകളിലും ശ്രീരാജ് തന്റെ കയ്യൊപ്പ് ചാർത്തി. വിനോദത്തിന് തുടങ്ങിയ എഡിറ്റിംഗിൽ പുതിയ പുതിയ പരീക്ഷണങ്ങൾ. ഒക്കെയും നമ്മുടെ ഗ്രൂപ്പിലൂടെ നാം ആസ്വദിച്ചു കൊണ്ടേയിരിക്കുന്നു.

ഗിറ്റാർ, സ്കേറ്റ് ബോർഡിംഗ്, കരകൗശലം, ചിത്രരചന അങ്ങനെ നീളുകയാണ് ശ്രീരാജിന്റെ കൗതുകങ്ങൾ.

കുട്ടിക്കാലം മുതൽ ഹരമായിരുന്ന സൈക്കിൾ സവാരിയും ഇക്കാലത്ത് പുതിയ മേഖലകളിലേക്ക് കടന്നു. നാട്ടിൽ ഒരു സുഹൃത്തിൽ നിന്നും വാങ്ങിയ പഴയ സൈക്കിളിൽ എഫ് എം റേഡിയോ ഒക്കെ പിടിപ്പിച്ചു നടന്ന പയ്യനിൽ നിന്നും ദേശീയതലത്തിൽ വരെ ശ്രദ്ധ നേടിയ സൈക്കിൾസവാരിയിലേക്കായിരുന്നു സ്ഥാനക്കയറ്റം.

പഠിക്കുന്ന കാലത്ത് 7 കിലോമീറ്റർ ദൂരം മാത്രമുള്ള ആറ്റിങ്ങലിൽ സിനിമ കാണാൻ സൈക്കിളിൽ പോയി കൂട്ടുകാരെ അതിശയിപ്പിക്കുമായിരുന്ന ശ്രീരാജിന് ഇന്ന് 100ഉം 200ഉം കിലോമീറ്റർ സൈക്കിൾ ചവിട്ടുക വെറും കുട്ടിക്കളി.

കർണ്ണാടകയിലെ മനോഹരമായ സ്ഥലങ്ങളിലൂടെ നടത്തുന്ന ഏറ്റവും പ്രയാസമേറിയ ഒരു ഓഫ് റോഡ് ഇവന്റ് ആണ് ഗ്രേറ്റ് മലനാട് ചലഞ്ച്. 7 ദിവസം കൊണ്ട് 700 കിലോമീറ്റർ താണ്ടണം. കൂർഗ്, കുക്കേസുബ്രമണ്യ, അഗുംബെ, ഭദ്ര ഫോറസ്റ്റ്, ശ്രിംഗേരി, ഷിമോഗ, സകലേഷ്പൂർ, ചിക്കമംഗളൂർ, കുടജാദ്രി ഒക്കെ ഈ റൈഡിൽ താണ്ടുന്ന പ്രധാന സ്ഥലങ്ങളാണ്. കുന്നുകളിലൂടെയും കാടിലൂടെയും ഒക്കെയുള്ള യാത്രകൾ... പങ്കെടുത്തവരാരും ഒരിക്കലും മറക്കാത്ത ഏഴ് ദിനങ്ങൾ. അഗുംബെയിൽ കാട്ടിലൂടെ മഴയത്ത് സൈക്കിൾ ചവിട്ടി തളർന്ന് ഫിനിഷിംഗ് പോയിന്റ് എത്തുമ്പോൾ കൂട്ടുകാർ നൽകിയ നറുപുഞ്ചിരി, ആശ്ലേഷം ഒക്കെ ശ്രീരാജിന്റെ മനസ്സിൽ ഇന്നും കുളിർമഴയായുണ്ട്. ഏഴ് ദിവസത്തിന്റെ ക്ഷീണമൊക്കെ പറപറക്കുന്ന കുളിർമഴ.

രണ്ടു വർഷം ശ്രീരാജ് അതിൽ പങ്കെടുത്തു. 2015 ൽ ശ്രീരാജിന് മൂന്നാം സമ്മാനവും കിട്ടി. അത് ലൈഫിലെ ബെസ്റ്റ് മൊമെന്റ് എന്ന് പറയുമ്പോൾ ശ്രീരാജിന്റെ ശബ്ദത്തിൽ പോലും ആ ത്രില്ലുണ്ട്. കൂടെ പങ്കെടുത്തവരുടെ ഒക്കെ സൈക്കിളുകൾ ലക്ഷങ്ങൾ വിലമതിക്കുന്നവയായിരുന്നു എന്നും ഏറ്റവും വില കുറഞ്ഞ സൈക്കിൾ തന്റേതായിരുന്നു എന്നും പറയുമ്പോൾ വാക്കുകളിൽ അഭിമാനം നിറഞ്ഞുതുളുമ്പി. ഇതൊക്കെ ആദ്യസ്ഥാനക്കാരിൽ ഒരാളാകാൻ ഒരു പരിശീലനവും ഇല്ലാതെയാണെന്നത് അതിന്റെ മാധുര്യം കൂട്ടുന്നു.

പിന്നെ പല സൈക്കിളിംഗ് ഇവന്റുകളിലും ശ്രീരാജ് പങ്കെടുത്തു. പങ്കാളിത്തം മാത്രമായിരുന്നു ലക്ഷ്യം. തിരുവനന്തപുരത്ത് ഒരു റൈഡിൽ പങ്കെടുക്കാൻ കർണാടകയിൽ നിന്നും സൈക്കിളും കൊണ്ട് തിരുവനന്തപുരത്തിന് തിരിച്ച ഒരു കഥ പറയാനുണ്ട് ശ്രീരാജിന്. നർഗുന്ദിൽ നിന്നും 50 കിലോമീറ്റർ സൈക്കിൾ ചവിട്ടി ഹൂബ്ലി വരെ. അവിടെ നിന്ന് സ്ലീപ്പർ ബസിന്റെ മുകളിൽ കയറ്റി സൈക്കിൾ മംഗലാപുരത്ത് എത്തിച്ചു. അവിടെ നിന്ന് ട്രെയിനിൽ പാർസലായി തിരുവനന്തപുരത്തേക്ക്. സൈക്കിൾ കഥയൊക്കെ പാർസൽ ഓഫീസറോട് പറഞ്ഞപ്പോൾ അയാൾ ശ്രീരാജിനെ ആകെയൊന്ന് നോക്കി. എന്നിട്ട് ഒരു ചോദ്യം.. “നിനക്ക് പ്രാന്താടാ ?”

മൈസൂരിൽ വച്ച് ഒരിക്കൽ ഒരു ബ്രെവെറ്റ് റൈഡ് ഫിനിഷ് ചെയ്തു. പതിമൂന്നര മണിക്കൂറിൽ 200 കിലോമീറ്റർ താണ്ടിയാൽ ഫ്രാൻസിൽ നിന്നും ഒരു മെഡൽ കിട്ടും. അന്ന് ആ ദൗത്യം ഏറ്റെടുത്ത് പൂർത്തിയാക്കിയ ശ്രീരാജിനെ തേടി കുറേ മാസങ്ങൾക്കി ശേഷം മെഡൽ എത്തി. ഫ്രാൻസിൽ നിന്നും. ശ്രീരാജ് നെഞ്ചോട് ചേർത്ത് വയ്ക്കുന്ന പ്രിയപ്പെട്ട സമ്മാനം.

ശ്രീരാജിന്റെ കുസൃതികൾക്കും കൗതുകങ്ങൾക്കും കൂട്ടായുണ്ട് ആറ്റിങ്ങൽ ആലംകോട് വില്ലേജ് ഓഫീസിൽ ജോലി ചെയ്യുന്ന ശ്യാമ. പൊതുവെ ശാന്തനായ ശ്രീരാജ് കളിക്കളത്തിലും കളി കാണുമ്പോഴും ബഹളക്കാരനായി മാറി തന്നെ ഞെട്ടിക്കാറുണ്ടെന്ന് ശ്യാമ. അനിയത്തി മാമനെ പോലെ ഹിന്ദി ടീച്ചറായി. ഭർത്താവ് ദുബായിലാണ്. മകൻ ഇഷാൻ. അച്ഛനും അമ്മയും ഹോട്ടൽ നടത്തിപ്പുമായി നാട്ടിൽ.

വാൽക്കഷ്ണം : ശ്രീരാജിന്റെ കൗതുകങ്ങൾക്ക് അതിരുകളില്ല, അമ്മാനമാട്ടം പെണ്ണുങ്ങളുടെ കലയെന്നാണ് വയ്പെങ്കിൽ അവിടെയും ശ്രീരാജ് കൈവെക്കും. നാരങ്ങയല്ല ശ്രീരാജിന്റെ കയ്യിൽ കളിയാടുക,നല്ല ഒന്നാംതരം മൂന്ന് നാളികേരം. ഇനിയും എന്തും പ്രതീക്ഷിക്കാം, ജാഗ്രത!!!

ദൃശ്യസങ്കലത്തിന്റെ തമ്പുരാന് ടാലന്റഡ് ബാങ്കേഴ്സ് എല്ലാ ആശംസകളും നേരുന്നു.

**English Version**

A ‘good' movie is one that may be enjoyed equally by a layman and one well-versed with all the technicalities and behind-the-scenes works – thanks to the brilliance of the editor who imagines the entire final product first in his mind, brings together the scenes recorded at different times and at different places patiently, and brings his visualization to reality for our enjoyment.

During the Padmarajan festival ‘gandharvotsavam' as we wondered how we would create the video for the audioclip sent by Sri. Ramachandran, a few video clippings shared in our group flashed across our minds. The editing master mind was located and assigned the job – and it was done beautifully in a jiffy. We are sure you would have guessed this week's Talented Banker by now. Let’s know more about him.

Sreeraj Sarkara
State Bank of India
Nehru Nagar
Belur, Karnataka

Born at Sarkara, Chirayinkeezhu of Thiruvananthapuram district to Rajendranathan and Geetha, he studied upto 7th standard from Sarkara Government UP School. From then till 12th he completed from Chirayinkeezhu S.C.V Boys' High School and Nedunkanda S.N.V Higher Secondary School.

Though he gave more weightage to studies regarding his family conditions, the fact that most of his family members were good at football and the opportunities he got to play at the Sarkara ground attracted him to the game.

Though he was not very serious in studies, he was influenced by one of his uncles who was a Hindi teacher. This got him good marks in Hindi.

During the holidays before his 10th standard board exams, seeing his craze for football, his parents put forth an attractive proposal.. “If you study well now, we would never force you to learn in the future.” He strived hard with his mother’s help to live upto the offer.. and the result; 504 marks out of 600! The entire village was stunned to know that the boy who could always be seen with a ball on the ground passed with distinction. And his joy quadrupled when he was selected the best outgoing student from the school.

He got into the football team during his plus one year. In one of the competitions, in the semifinals he secured a goal that led his team to win the cup and made him a hero overnight. Thus he became a star in the “ Brothers Chirayinkeezhu” team where he was a member from childhood, thus getting an opportunity to play against Santosh trophy players as well.

By this time his affinity to computers led him to the Vattiyoorkaavu Central Polytechnic to earn a diploma in Computer Engineering. He also privately learned C++, graphics and games creation, while keeping his passion game still close to his heart.

He completed his diploma in 2005 and joined Information Kerala Mission in 2006, at Kollam corporation. There was a stadium nearby that attracted him more than his job. If he started from home at 5 am, he would reach the stadium by 6.30, and play to his fill till the office time starts. Those were the blessed moments when he met many stalwarts of the game..

He joined HCL Infosystems in 2008. As a part of his job, he had to visit many offices. Once a Tamilian bank officer noticed his handwriting and commented that with such wonderful writing, a clerical work in an office would befit him.

In 2010 he joined Overseas Air Travels in his own hometown. Meanwhile, deciding to supply ‘naadan oonu' at affordable cost, he started a hotel with his parents. He joined this job thinking he would be able to support his family in running the hotel as well.

During this time, his mother coaxed him to join a bank coaching centre. He got selected in State Bank of India in 2012 through the test written from Karnataka.He remembers that the Tamil officer’s words came true. He was in the Nargund branch from 2012 to 2018.

Even in Karnataka he continued his sport and even spread his interest to various other avenues. We witnessed many of his editing experiments. Guitar, skate boarding, art and

craft, drawing.. his interests are still spreading.

He loved cycling from the time he was a little boy. He has grown fast from the boy who got an old bicycle from a friend and sped in it with an FM radio, to a noted cyclist in the state.

Sreeraj, who surprised his friends by cycling just 7 kms to Attingal, now finds 100 or 200 kms cycling as easy as a pie.

The Great Malnad challenge is one of the toughest off-road MTB rides in India, passing through the scenic malnad areas in Karnataka – a challenge to complete 700 kms through Coorg, Kukke Subramanya, Agumbe, Bhadra forest, Sringeri, Shimoga, Sakleshpur, Chikmanglur, Kudajadri .. in just 7 days. No participant would ever forget the seven days they spend in the lush green forest canopies and picturesque hillsides. The proud smiles on the faces of his friends as he touched the finishing point in the rainy Agumbe forest still impart energy to him, forgetting all lethargy of the ride.

He participated in the event during two years, and reached third in the year 2015. We literally can feel the thrill and pride in his voice as he describes it as his life's best moment, and also stresses on the fact that the bicycles other participants owned were worth lakhs of rupees. All this achievement is with no training at all!! That makes the victory all the more fragrant..

He attended many cycling events after that, just for the sake of participating. He once travelled all the way from Karnataka to join a cycling ride in Thiruvananthapuram – 50 kms in cycle from Nargund to Hubli.. from there he carried it atop a sleeper bus to Mangalore.. and parcelled it to Thiruvananthapuram by train! As he explained his entire bicycle transportation story to the parcel officer, he eyed Sreeraj suspiciously and asked, “Are you crazy?” Well yes, he is really crazy about cycling..

At Mysore, he once finished a brevet riding. If one cycled 200 kms in 13 and a half hours, he would be awarded a medal from France. Months after he completed his ride, his medal reached him from France.. something he cherishes to this day.

His interests and hobbies are enjoyed and supported by his soulmate, Syama, who works in the Attingal Alamcode village office. She quips that the peaceful husband turns wild as he watches a game or plays one.. a complete transformation.

His younger sister took after their uncle and became a Hindi teacher. Her husband works in Dubai, and their little one is Ishan. Sreeraj’s parents run the hotel in Sarkara.

P.S : there is no limit to Sreeraj’s interests. He tries out everything. Did anyone say juggling is an art of the ladies? Then you haven’t seen Sreeraj’s juggle.. not with limes but huge coconuts! From him, anything can be expected.. anything under the sun, hence beware!!!

We at the talented bankers wish this king of visual editing, juggler of talents.. all the very best in all his endeavours.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Thiruvananthapuram Main Branch